"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം പറപ്പൂർ ഗ്രാമ പഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി ലീന കെ. നായർ റ്റി.-ക്ക് 13.07.2020 മുതൽ 26.01.2021 വരെ ശൂന്യവേതന അവധി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.280/2026/LSGD തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-
1. 14/06/1994 ലെ 36/94/ധന നം. സർക്കുലർ
2. ശ്രീമതി ലീന കെ. നായർ റ്റി. യുടെ 31.08.2022 ലെ അവധി അപേക്ഷ
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പഞ്ചായത്ത് ഡയറക്ടറുടെ 17/01/2023 ലെ PAN/101/2023-E2(DP) നം. കത്ത്
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21-11-2024 ലെ LSGD/PD/4258/2023-DEB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. ലീന കെ. നായർ റ്റി.ക്ക് (നിലവിൽ എടത്വാ ഗ്രാമ പഞ്ചായത്ത്) ടിയാൾ അവധിയിൽ തുടർന്ന 13.07.2020 മുതൽ 26.01.2021 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി ആയി ക്രമവത്ക്കരിക്കുന്നതിനായി ടിയാൾ സമർപ്പിച്ച പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ശ്രീമതി. ലീന. കെ.നായർ-ക്ക് രണ്ടാം വൈദ്യ പരിശോധനക്കുള്ള അവസരം നഷ്ടപ്പെട്ട സാഹചര്യത്തിൽ രണ്ടാം വൈദ്യ പരിശോധനാ റിപ്പോർട്ടിന്റെ അഭാവത്തിൽ, ടിയാൾ സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കന്റിന്റെ വിശ്വാസ്യത ഉറപ്പിക്കാനാവാത്തതിനാൽ, ടിയാൾക്ക് 13.07.2020 മുതൽ 26.01.2021 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി തുടങ്ങിയ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ KSR Part I Rule 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതന അവധി

അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ലീന കെ നായർ റ്റി., മുൻ അസിസ്റ്റന്റ് സെക്രട്ടറി, പറപ്പൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം (*തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന*)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , കേരള , (തിരുവനന്തപും/തൃശ്ശൂർ)
ധനകാര്യ വകുപ്പ് ( **24.04.2023** ലെ ഡെവ-1/35/2023-ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 04-02-2026 14:46:45
സെക്ഷൻ ഓഫീസർ